## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2328** **14.06.2019-ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. യുടെ പ്രവർത്തനങ്ങൾ**

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് അറിയിക്കുമോ; | (എ)<br>&<br>(ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി ചുവടെ പ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്<br><br>1). രാജ്യത്തിന് പുറത്തുള്ള പ്രവാസി മലയാളികൾക്ക് പ്രവാസ രാജ്യത്ത് വസിച്ചു കൊണ്ട് തന്നെ ചരിത്രത്തിലാദ്യമായി കേരളത്തിന്റെ തനത് സാമ്പത്തിക വ്യവഹാരമായ ചിട്ടിയിൽ ചേരാൻ അവസരം ഒരുക്കികൊണ്ട് തികച്ചും ഓൺലൈൻ ആയി പണമിടപാടുകൾ നടത്താനും ചിട്ടി ലേലത്തിൽ പങ്കു കൊള്ളാനും കഴിയുന്ന കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി ആരംഭിച്ചു.<br><br>2). കെ.എസ്.എഫ്.ഇ. യുടെ മുഖച്ഛായമാറ്റും വിധം കോർപ്പറേറ്റ് ഓഫീസുകളും തെരഞ്ഞെടുത്ത ശാഖകളും സ്മാർട്ട് ഓഫീസുകൾ ആയി മാറ്റുന്നു.<br><br>3). പുതിയ രണ്ട് മേഖലാ ആഫീസുകൾ പത്തനംതിട്ടയിലും പാലക്കാട്ടും ആരംഭിയ്ക്കുക വഴി കമ്പനിയുടെ പ്രവർത്തനം കൂടുതൽ വികേന്ദ്രീകരിയ്ക്കുകയും അതുവഴി കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്തു.<br><br>4).ചിട്ടി ബിസിനസ്സിലും സ്വർണ്ണപ്പണയ വായ്പയിലും കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഏറ്റവും ഉയർന്ന റെക്കോർഡിൽ എത്തി. |
| (ബി) | ഇവയുടെ വിശദാംശം അറിയിക്കുമോ? | | |

| | | | |
|---|---|---|---|
| | | | 5). ചിട്ടി ബിസിനസ്സിന് പുതു ഉണർവ്വ് നൽകി മൾട്ടി-ഡിവിഷൻ ചിട്ടികൾ ആരംഭിച്ചു<br>6). ബിസിനസ്സ് രംഗത്ത് സമയബന്ധിതമായി പരിഷ്കരണങ്ങൾ കൊണ്ടു വരുന്നതിനായി ബിസിനസ്സ് പ്രോസസ്സ് റീ എഞ്ചിനീയറിംഗിനായി ഒരു കമ്മിറ്റി രൂപീകരിച്ചു.<br>7). കമ്പനിയുടെ ദൈനംദിന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തിയതിന്റെ ഫലമായി സമയത്തു തന്നെ കണക്കുകൾ പൂർത്തിയാവുകയും, മാനവ വിഭവ ശേഷി വകുപ്പ് കംപ്യൂട്ടറൈസ് ചെയ്യുകയും, ഇന്റേണൽ ഓഡിറ്റിങ്ങ് സമയബന്ധിതമായി നടപ്പാക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ